നെല്ല് സംഭരണത്തിന് നടപടി

114 [2013] ശ്രീ. കെ. രാധാകൃഷ്ണൻ:

" കെ. വി. കുഞ്ഞിരാമൻ:

" എ. കെ. ബാലൻ:

" മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നെൽകൃഷിക്കാർ വിളവെടുത്ത നെല്ല്, വാങ്ങാനാളില്ലാതെ പാടശേഖരങ്ങളിൽ കെട്ടിക്കിടക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ വിവിധ പാടശേഖരങ്ങളിൽ എത്ര ടൺ നെല്ലാണ് കെട്ടിക്കിടക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) സർക്കാർ സ്വീകരിച്ച നടപടികളുടെ ഫലമായി എത്ര ടൺ നെല്ല് സംഭരിച്ചിട്ടുണ്ടെന്ന് പറയാമോ;

(ഡി) കഴിഞ്ഞ തവണ നെല്ല് സംഭരണം നടത്തിയ വകയിൽ സഹകരണ സംഘങ്ങൾക്കും മറ്റും കൈകാര്യ ചെലവ് ഇനത്തിൽ എന്തു തുക ഇതിനകം നൽകിയിട്ടുണ്ടെന്ന് പറയാമോ ?

ഉത്തരം

(എ) കുടിശ്ശിക കൊടുത്തു തീർക്കാൻ കാലതാമസം നേരിട്ടതിനാൽ കുറച്ചു ദിവസം നെല്ലു നീങ്ങുന്നതിനു കാലതാമസം നേരിട്ടു.

(ബി) കോട്ടയം ജില്ലയിൽ വിവിധ പാടശേഖരങ്ങളിലായി 4500 മെട്രിക് ടൺ നെല്ല് സംഭരിക്കാനായി ഉണ്ട്. പാലക്കാട് ജില്ലയിൽ വിരിപ്പു കാലത്തു സംഭരിച്ച 18065 ടൺ നെല്ല് വിവിധ ഏജൻസികളിലായി വിറ്റഴിക്കാതെ ബാക്കിയിരിപ്പുണ്ട്.

(സി)	വിരിപ്പ് 2004-05-ൽ	459525.54	ക്വിന്റൽ
	മുണ്ടകൻ 2004-05-ൽ	12156.94	ക്വിന്റൽ
	പുഞ്ച 2004-05	4720	ക്വിന്റൽ
	ആകെ	476402.48	ക്വിന്റൽ

(ഡി) നെല്ലു സംഭരണ പദ്ധതി നടപ്പിലാക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 3.8 കോടിയും അധികമായി അനുവദിച്ച 14 കോടിയും ഉൾപ്പെടെ 17.8 കോടി രൂപയിൽ 11.8 കോടി രൂപ വിതരണം ചെയ്തുവരുന്നു. ബാക്കി 6 കോടി രൂപ വിതരണം നടത്തുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly